T61
T34

VALSACHARITHAM

BY

T. M. VARGHESE MAPPILLAY.

വത്സചരിതം

ഒരു നവ്യഖണ്ഡകാവ്യം.

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള
എഴുതിയത്.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുകൂടത്തിൽ

അച്ചടിച്ചത്.

1087.

All Rights Reserved.

1253
XVIII

ശ്രീ.

വത്സചരിതം

മണിപ്രവാളം.

(ഇംഗ്ലീഷിൽനിന്നും)

തെങ്ങുംമൂട്ടിൽ വറഗീസുമാപ്പിള
എഴുതിയത്.

തൃശ്ശിവപേരൂർ
ഭാരതവിലാസം അച്ചുകൂടത്തിൽ
അച്ചടിച്ചത്.

1087.

HOUSE OF STUDIES T.O.C.D. MANGALORE

DHARMARAM COLLEGE LIBRARY, BANGALORE.
4185

വ. ദിവ്യശ്രീ

ഓട്ടകയത്തിൽ ബ: കൊച്ചു ചാണ്ടിയച്ചൻ

അവർകൾക്ക്

ഗ്രന്ഥകർത്താവിന്റെ പാരിതോഷികം

[signature]

8-4-87

സമൎപ്പണം.

സാരജ്ഞൻ മലയാളപാണിനികവി-

സ്തോമാഗ്രഗൻ വാൿസുധാ-

സാരംഗാങ്കനപങ്കകീൎത്തികലരും

ശ്രീരാജരാജാഭിധൻ

സാരസ്യത്തൊടു ശിഷ്യനാക്കിയിവനെ-

ക്കൈക്കൊൾകയാൽതൽകൃപാ-

സാരത്താൽ കുളിരോടുമിക്കൃതിതദം

ഘ്രിത്താരിൽവെയ്ക്കുന്നു ഞാൻ.

ഗ്രന്ഥകൎത്താ

മുഖവുര.

"വത്സചരിതം" എന്നു നാമകരണം ചെയ്യിട്ടുള്ള ഈ ഖണ്ഡകവിത ഇംഗ്ലീഷിൽനിന്നും ഞാൻ എടുത്തെഴുതീട്ടുള്ളതാണ്. മൂലത്തിൽനിന്ന് ആവശ്യമെന്നുതോന്നിയ ചില ഭേദഗതികൾ ഇതിൽ ചെയ്യിട്ടുണ്ട്. ഇതെഴുതിയയിടയ്ക്കു "ആജ്ഞാലംഘനത്താൽ സംഭവിച്ച ആപത്ത്" എന്ന അഭിധാനത്തിൽ "നസ്രാണിദീപിക"പ്പത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കയുണ്ടായി. അന്ന് ഇതു വായിച്ചവരായ എൻെറ ചില മാന്യസ്നേഹിതന്മാർ നല്ലൊരുപദേശമടങ്ങിയ പ്രസ്തുതകാവ്യത്തെ നശിപ്പിച്ചുകളയാതെ, ഉടനേ പുസ്തകരൂപേണ പ്രസിദ്ധീകരിക്കണമെന്ന് എനിക്ക് എഴുതിയയച്ചു. സ്നേഹിതപക്ഷപാതത്താലായിരിക്കുമോ അവർക്ക് ഇങ്ങനെ തോന്നിയത് എന്നു ശങ്കിച്ച് ഈ കൃതി പുസ്തകരൂപേണ പ്രസിദ്ധീകരണാർഹം തന്നെയോ എന്നറിയിച്ചുതരണമെന്നുള്ള അപേക്ഷയോടേ, അഭിമുഖമായോ എഴുത്തുകുത്തുകൾ മുഖേനയോ എനിക്കു യാതൊരു പരിചയവുമില്ലാതിരുന്ന ദേഹവും, കുറെക്കാലമായി കവിതാവനിതയേ സ്വച്ഛന്ദം സ്വാധീനയാക്കിക്കൊണ്ടു സഹൃദയലോകത്തെ ഒട്ടുക്കു വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന മഹാകവിയും, "കവനകൌമുദീ"പത്രാധിപരുമായ മ.രാ.രാ. പി. കേരളവമ്മതമ്പുരാൻ അവർകൾക്ക് ഇതിനെ ഞാൻ അയച്ചുകൊടുത്തു. ഇതിന് അദ്ദേഹത്തിൽനിന്നു കിട്ടിയ മറുപടിയിൽ, പ്രസ്തുതകവിത സവ്ഥാ പ്രസിദ്ധീകരണയോഗ്യമാണെന്നും ഏതാദൃശങ്ങളായ നല്ല കാവ്യങ്ങളെ മേലാലും ഉണ്ടാക്കിക്കൊണ്ടുന്നതിനു പ്രത്യേകതാല്പയ്യമുണ്ടെന്നും മററും ശ്ലാഘിച്ചു എഴുതിയിരുന്നു. കവിതാവിഷയത്തിൽ എനിക്ക് ഏത്രയും ബഹുമാനവും സമ്മതിയുമുള്ള ഈ കവിശ്രേഷ്ഠൻെറ എഴുത്തുകണ്ടപ്പോൾ പുതുതായ ഒരുത്സാഹം ജനിക്കുകയാൽ, ബാലന്മാരുടെ പ്രയോജനത്തി

നായി ഞാൻ പ്രസിദ്ധീകരിപ്പിച്ചുവരുന്ന ചെറുപുസ്തകമാലയിൽ അഞ്ചാമത്തേതായി ചേൎത്ത് ഇതിനെ അച്ചടിപ്പിക്കാമെന്നു തീൎച്ചപ്പെടുത്തി. തദനന്തരം, പ്രസ്തുതകവിതയെ കല്പിച്ചു സംശോധിച്ചു തിരുത്തിത്തരുകയും അഭിപ്രായമറിയിക്കയും ചെയ്യുമാറാകണമെന്നുള്ള അപേക്ഷയോടെ, "കേരളകാളിദാസൻ" എന്നു സൎവ്വവിദ്വൽസമ്മതനായിരിക്കുന്ന മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ സി. എസ്. ഐ. തിരുമനസ്സിലെ ദിവ്യസന്നിധാനത്തിലെയ്ക്കയച്ചു. അവിടുന്നു കൈയെഴുത്തുപുസ്തകത്തെ സദയം സ്വീകരിച്ചശേഷം, എനിക്കു കല്പിച്ചയച്ച ഒരു തിരുവെഴുത്തിന്റെ ശരിപകൎപ്പു ചുവടേചേൎത്തുകൊള്ളുന്നു:—

തിരുവെഴുത്ത്.

തിരുവനന്തപുരം
൧൦൮൫ മിഥുനം ൨൫-ാംനു-

എടവം ൨൭-ം മിഥുനം ൨൩-ം തീയതികളിൽ അയച്ച എഴുത്തുകളും "വത്സചരിതം" എന്ന നിങ്ങളുടെ ഖണ്ഡകാവ്യം കയ്യെഴുത്തുപുസ്തകവും കിട്ടി. ഈ കാവ്യം "നസ്രാണിദീപിക"യിൽ ചേൎത്തു കണ്ടുതുടങ്ങിയതുമുതൽക്കുതന്നെ ഞാൻ അതിനെ ഏടവിടാതെ മുഴുവൻ ശ്രദ്ധയോടുകൂടി വായിച്ചിട്ടുണ്ട്. നിങ്ങളുടെ എഴുത്തു കിട്ടുന്നതിനു മുൻപുതന്നെ ഇതിനേക്കുറിച്ച് എനിക്കു തോന്നിയ അഭിപ്രായത്തെ നിങ്ങൾക്ക് എഴുതിയയക്കണമെന്നു വിചാരിച്ചതുപോലെ ചെയ്യുന്നതിന് എന്റെ ദേഹാസ്വാസ്ഥ്യവും കൃത്യാന്തരങ്ങളും എന്നെ സമ്മതിച്ചില്ല. നിങ്ങളുടെ കവിതാരീതി, ഭാഷാസാഹിത്യസ്വാരസ്യമറിഞ്ഞിട്ടുള്ള സഹൃദയന്മാർ നൂതനമായി പ്രവൎത്തിച്ചു നടപ്പിൽ വരുത്തി സൎവ്വസമ്മതമായിത്തീൎന്നിരിക്കുന്ന ഒന്നാകയാൽ, അതിനെപ്പററി ഇപ്പോൾ വി

ശേഷിച്ച അഭിപ്രായമൊന്നും പറയേണ്ടതായിട്ടില്ല. ഈ മാതിരി സാഹിത്യരീതിയെ അവിച്ഛിന്നമായി സ്വീകരിച്ച കാവ്യത്തെ നിമ്മിക്കുന്നതിനു ശക്തിവൈകല്യത്താൽ ശേഷിയില്ലാത്ത ചില കവികൾ, ഈ രീതിയെ ദൂഷിച്ച് ചില ഉപന്യാസങ്ങൾ എഴുതീട്ടുള്ളവയെ കണ്ടു നിങ്ങൾ ഭ്രമിച്ചു പോകാതെ, പദ്യരീതിയിൽ ഉത്തമമായ ഇതിനെത്തന്നെ സ്വീകരിച്ചതിനെക്കുറിച്ച് എനിക്കു പ്രത്യേകസന്തോഷമുണ്ട്. നിങ്ങളുടെ കാവ്യത്തിൻെറ കയ്യെഴുത്തുപുസ്തകത്തെ ഞാൻ വായിച്ചുനോക്കിയില്ല; "ദീപിക"യിൽ ഉണ്ടായിരുന്നതു മുഴുവനും സശ്രദ്ധമായി വായിച്ചിരുന്നതിനാൽ, ഇപ്പോൾ ഇതു വായിച്ചിട്ടാവശ്യമില്ലല്ലോ. "ദീപിക"യിൽ കണ്ടതു സവ്വഥാ നിരാക്ഷേപമായിത്തന്നെയിരുന്നു. ഭാഷാകവിതയ്ക്കു സഹജമായി വരാവുന്ന ചില സ്ഖലിതം അതിലും ഉണ്ടായിരുന്നതായി തോന്നുന്നുണ്ട്. അതെളുപ്പത്തിൽ തിക്കാവുന്നതുമാത്രമേ ഉള്ളു. ഈ കയ്യെഴുത്തുപുസ്തകത്തിൽ അധികം ഭേദഗതികൾ വരുത്തീട്ടുണ്ടെങ്കിൽ, ആ വിവരം അറിഞ്ഞാൽ ഇത് ആദിയേ ഒരിക്കൽക്കൂടി നോക്കാം.

കേരളവമ്മാ (ഒപ്പ്)

അത്യന്തം ഗൌരവതമങ്ങളായ കൃത്യശതങ്ങളാലും വയോവൃദ്ധതയ്ക്കു സഹജസാധാരണമായ ശരീരാപാടവത്താലും ക്ലേശിച്ചുകൊണ്ടിരിക്കുന്ന തിരുമേനി, അപരിമിതമായ വാത്സല്യത്തോടെ ഈ കവിതയെ ഒന്നിലധികം പ്രാവശ്യം ആപാദചൂഡം ശ്രദ്ധാപൂവം കല്പിച്ചുവായിക്കുകയും ചില ദിക്കിൽ തിരുത്തി ഭംഗിയാക്കിത്തരികയും ചെയ്യുതിൽ, അവിടത്തേപ്പേരിലുള്ള നിസ്സീമമായ കൃതജ്ഞതയെ വേണ്ടപോലെ പ്രകാശിപ്പിക്കാൻ ഈ കവിതാരചയിതാവിനു ശക്തിയില്ലാത്തതിൽ മനപ്പൂവം വ്യസനിക്കുന്നു. അതുപോലെതന്നെ, എൻെറ ഒരു പ്രിയസുഹൃത്തായ പ്രൌഢവിദ്വൽക്കവി പരവൂർ കേ. സി. കേശവപ്പിള്ള അവർകളോടും ഞാൻ

കടപ്പെട്ടിട്ടുണ്ട്. കവിതാവിഷയത്തിൽ മൂന്നാലുകൊല്ലങ്ങളായി അദ്ദേഹം എനിക്കു ചെയ്തുതന്നിട്ടുള്ള സാരതരങ്ങളായ ഉപദേശങ്ങളും അനസ്യൂതമായ പ്രോത്സാഹനവുമില്ലാഞ്ഞെങ്കിൽ, ഇപ്പോൾ ഇങ്ങനെ ഒന്നു നിർമ്മിക്കുവാൻ എനിക്കു സാധിക്കുകയില്ലായിരുന്നു എന്നുള്ള വിവരം അപാരമായ കൃതജ്ഞതയോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇത് എന്റെ ഇദംപ്രഥമമായ കവിതയാണ്. സഹൃദയന്മാക്ക് ഇതു രസാവഹമായി പരിണമിക്കുമെങ്കിൽ, മേലാൽ ഇതിലും നല്ല കവിതകൾ എഴുതാൻ ഞാൻ ശ്രമിക്കുന്നതാണ്.

ഈ മുഖവുരയെ സമാപിപ്പിക്കുന്നതിനുമുമ്പായി രണ്ടു വാക്കുകൂടി പറയാനുണ്ട്. നാനാജാതിമതസ്ഥന്മാരാൽ അധിവസിതമായ ഈ തിരുവിതാംകൂർ സംസ്ഥാനത്തെ ഇരുപത്തിയാറിലധികം കൊല്ലങ്ങളായി സർവ്വശ്ലാഘ്യമായ സാമത്ഥ്യത്തോടെ പ്രശാന്തരമണീയമായി ഭരിച്ചുപോരുന്ന ശ്രീമൂലം പൊന്നുതമ്പുരാൻ തിരുമനസ്സിലേക്ക് അൻപത്തിനാലു തിരുവയസ്സു തികയുന്ന ശുഭദിവസം ഇന്നാകുന്നുവല്ലോ. അതു പ്രമാണിച്ച് അന്നദാതാവായ ആ തിരുമേനിയ്ക്കു മംഗളമാശംസിക്കുന്നവയായി രണ്ടു പദ്യങ്ങൾകൂടി ഇതിൽ ചേത്തിട്ടുണ്ട്.

എന്ന്

ആലപ്പുഴ
~~25-1-~~87
14-2-

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

അഭിപ്രായപ്രകടനങ്ങൾ.

(൧)

ലളിതമധുരമായ രീതികൊണ്ടും, അകൃത്രിമരമണീയങ്ങളായ അൎത്ഥകല്പനകൾകൊണ്ടും, ധാരാവാഹിയായ ശബ്ദഭംഗികൊണ്ടും, സരസോദാരമായ കഥാവസ്തുകൊണ്ടും നിങ്ങളുടെ കൃതി അത്യന്തം ആസ്വാദ്യമായിരിക്കുന്നു. ഇതു നിങ്ങളുടെ ആദ്യത്തെ കവിതാസംരംഭമാണെങ്കിൽ, മലയാളഭാഷയ്ക്കു അചിരേണ ഒരു മഹാകവിയുടെ ആവിർഭാവത്താലുള്ള അഭ്യുദയം ലഭിക്കുമെന്നു സന്തോഷിക്കുന്നു. നല്ല മലയാളത്തിൽ രചിച്ചിട്ടുള്ള ഇക്കൃതിയ്ക്കു 'മണിപ്രവാളം' എന്ന പേർ ആവശ്യമില്ലെന്നു തോന്നുന്നു.

മാവേലിക്കര
൧൦൮൮ മേടം ൩൧ } എ. ആർ. രാജരാജവൎമ്മാ (ഒപ്പ്)

☞ ദ്വിതീയാക്ഷരപ്രാസനിഷ്ഠയിൽ അത്യന്തം വിപ്രതിപത്തിയുള്ള ദേഹമാണല്ലോ പ്രൊഫസ്സർ എ. ആർ. രാജരാജവൎമ്മതമ്പുരാൻ എം. ഏ; എം. ആർ. ഏ. എസ്സ്. തിരുമനസ്സുകൊണ്ടു്. സംസ്കൃതമലയാളഭാഷകളുടെ സൎവ്വമൎമ്മങ്ങളേയും കരതലാമലകംപോലെ കണ്ടുകൊണ്ടിരിക്കുന്ന അവിടുന്ന്, "വത്സചരിത"ത്തെപ്പററി ഇങ്ങനെ അഭിപ്രായപ്പെട്ടുകണ്ടപ്പോൾ, എന്റെ കവിതയുടെ വിജയത്തെപ്പററി എനിക്കു അത്രതന്നെ "ആത്മവിശ്വാസ"മില്ലാതിരുന്നതിനാൽ, പ്രസ്തുത അഭിപ്രായം യഥാൎത്ഥമായതുതന്നെയോ എന്ന് ആദ്യം എനിക്ക് ഒരു ദുശ്ശങ്ക തോന്നി. ആ വിവരം ഞാൻ അവിടത്തെ അറിയിക്കയും ചെയ്തു. അതിനു സദയം അയച്ചതന്ന മറുപടിയുടെ ശരിപകൎപ്പാണ് താഴെ പകൎത്തിയിരിക്കുന്നത്. ഉപദേശരൂപേണയുള്ള പ്രസ്തുതഎഴുത്തു കിട്ടിയശേഷം, മലയാളഭാഷാമേലധ്യക്ഷനായ ആ തിരുമേനിയു

ടെ ശിഷ്യത്വം വഹിക്കണമെന്ന് എന്നിൽ പ്രബലമായ മോഹം ജനിക്കുകയാൽ, അതിനായി അവിടത്തെ അടുക്കൽ അപേക്ഷിക്കയും എത്രയും സന്തോഷപുരസ്സരം കല്പിച്ചനുവദിക്കയുംചെയ്തു. അതിൽ എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ പ്രകടിപ്പിക്കുവാനായി "വത്സചരിത"ത്തെ ആ തിരുമേനിയ്ക്കു ഞാൻ, അനുവാദപ്രകാരം സമർപ്പിച്ചിരിക്കുന്നു.

ഗ്രന്ഥകാരകൻ.

മാവേലിക്കര
൬൯ മേടം ൨൭

ശ്രീ.

വറുഗീസുമാപ്പിളയ്ക്കു്.

൨൩-ാംനു-ാലെ എഴുത്തു കിട്ടി. വാസ്തവമായുള്ള അഭിപ്രായമല്ലാതെ ഞാൻ പറയാറില്ല. നിങ്ങൾക്കു സന്ദേഹം വരാനുള്ള കാരണം എന്തെന്നറിയുന്നില്ല. എങ്കിലും നിങ്ങൾക്ക് എന്റെ അഭിപ്രായത്തിൽ ഒരു വിശേഷപ്രതിപത്തി കാണുന്നതിനാൽ, സ്വല്പം ഉപദേശംകൂടി ചെയ്യാം.

നിങ്ങളുടെ കൃതിയ്ക്കുള്ള ഗുണങ്ങളെ എടുത്തു കാണിച്ച കൂട്ടത്തിൽ 'നിഷ്പ്രയാസമായ പ്രാസപ്രസരംകൊണ്ടും' എന്നുകൂടി ഞാൻ എഴുതണമെന്നു വിചാരിച്ചിരുന്നു. പക്ഷേ അങ്ങിനെ ചെയ്യുമ്പോൾ നിങ്ങൾ പ്രാസത്തിൽ ചെയ്തിട്ടുള്ള നിർബ്ബന്ധം എനിക്കഭിമതമാണെന്നുകൂടി സ്ഫുരിക്കും. അതിനാൽ ഉപേക്ഷിച്ചു. പ്രാസനിഷ്ഠ അത്യാവശ്യമാണെന്നും അല്ലെന്നും രണ്ടു പക്ഷങ്ങൾ ഈയിടെ പ്രബലപ്പെട്ടിട്ടുള്ളതിൽ രണ്ടാം പക്ഷക്കാരനാണ് ഞാൻ. എന്നാൽ പ്രാസദ്വേഷം എനിക്കില്ല. നിർബ്ബന്ധം വയ്ക്കുമ്പോൾ ചിലേടത്ത് അനാവശ്യകപദപ്രയോഗത്തിന് ഇടവരുമെന്നു മാത്രമല്ല, ചില അർത്ഥകല്പനകളെത്തന്നെ ചിലപ്പോൾ പ്രാസം ചേരായ്കയാൽ ഉപേക്ഷിക്കേണ്ടിവരും. അതിനാൽ ഒന്നാമതായി അർത്ഥത്തിലും രണ്ടാമതു ശബ്ദത്തിലും വേണം കവി ദൃ

ഷ്ടിവയ്ക്കാൻ. നിങ്ങളുടെ കൃതിയിൽ പ്രാസനിർബ്ബന്ധത്താൽ ഉണ്ടായിട്ടുള്ള വൈകല്യം വളരെ കുറയും.

കവിതയ്ക്കു വേണ്ടുന്ന എണ്ണങ്ങൾ (൧) ശക്തി. (൨) ലോകശാസ്ത്രാഭിജ്ഞാനത്താൽ ഉണ്ടാകുന്ന നിപുണത. (൩) കാവ്യജ്ഞോപദേശപ്രകാരം അഭ്യാസം എന്നു മൂന്നാകുന്നു. അതിൽ സർവ്വോത്തമമായ ഒന്നാമത്തേതു നിങ്ങൾക്ക് ഈശ്വരൻ തന്നിട്ടുണ്ട്. ശേഷം രണ്ടും ഒന്നുകൂടി ബലപ്പെടുത്തണം.

ഇതിലധികം വിസ്തരിപ്പാൻ സമയമില്ലായ്കയാൽ നിറുത്തുന്നു.

നിങ്ങളുടെ അഭ്യുദയകാംക്ഷി,

ഏ. ആർ. രാജരാജവർമ്മാ (ഒപ്പ്)

---

(൨)

നിങ്ങൾ എൻെറ അഭിപ്രായത്തിനായി അയച്ചുതന്ന "വത്സചരിതം" മണിപ്രവാളഖണ്ഡകാവ്യംകയ്യെഴുത്തുപ്രതി ഞാൻ മുഴുവനും മനസ്സിരുത്തി വായിച്ചുനോക്കി. ഗതാനുഗതികന്യായം വിട്ട് ഇമ്മാതിരി സദാചാരവിഷയങ്ങളെ കാവ്യരചനയിൽ കൊണ്ടുവരുന്ന നൂതനപദ്ധതി ഏററവും അഭിനന്ദിക്കത്തക്കതാകുന്നു. പുരാണവിഷയങ്ങളെ ചർവ്വിതചർവ്വണം ചെയ്യുന്നതു നവീനന്മാരുടെ രുചിയ്ക്ക് അത്ര യോജിക്കാതെയാണ് കണ്ടുവരുന്നത്. നിങ്ങളെപ്പോലെ അപൂർവ്വം ചിലർ മാത്രമേ ഈ നൂതനപദ്ധതിയിൽ സഞ്ചരിച്ചു കാണുന്നുള്ളൂ. കാവ്യത്തിൻെറ ഗുണം രസവും കവിതയുടെ ഗുണം ശ്രാവ്യതയുമാണെങ്കിൽ, അതു നിങ്ങൾക്കു പ്രഥമാരംഭത്തിൽത്തന്നെ സ്വാധീനമാണെന്നു വന്നാൽ, പിന്നെ പ്രസ്തുതഖണ്ഡകാവ്യത്തെക്കുറിച്ചു വിശേഷവിധിയായ ഒരഭിപ്രായം ഇവിടെ എടുത്തുപറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. ൭-ാംശ്ലോകത്തിൽ ഉത്തരാദ്ധത്തിൽ "മഹാൻ രാജാ" എന്ന

ത്തു "മഹാരാജാ" എന്നായാൽ അധികം നന്നായിരിക്കും. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുവാനുള്ള നിങ്ങളുടെ ആഗ്രഹം വളരെ സഫലമായി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കുമാരമന്ദിരം
അയ്യന്തോൾ
1086 എടവം 2. } രാമവർമ്മാ (അപ്പൻതമ്പുരാൻ) (ഒപ്പ്)
11th. Prince of Cochin.

---

(൩)

"വത്സചരിതം" മണിപ്രവാളകാവ്യം മുഴുവൻ ഞാൻ വായിച്ചുകേട്ടു. മഹാത്മാക്കളുടെ വചനം അലംഘനീയമാണെന്നും, അവരുടെ അത്യാശ്ചര്യമായ പ്രഭാവത്താൽ ലോകത്തിൽ അസാദ്ധ്യമായി ഒന്നുമില്ലെന്നും, നിർഭാഗ്യന്മാൎക്കു കരതലഗതമായാലും സകല സമ്പത്തും ക്ഷണത്തിൽ നശ്വരമാണെന്നും മററും അനേകം അറിവുകളെ സമ്പാദിപ്പാനും, തദ്വാരാ സദ്വിഷയപ്രവൃത്തിക്കും ദുൎവ്വിഷയനിവൃത്തിക്കും ഉപയോഗപ്പെടുന്നതും കവിതാരീതിയിൽ ബഹുഗുണസമ്പൂൎണ്ണവും പ്രായേണ നിൎദ്ദോഷവും ആയ ഈ ഖണ്ഡകാവ്യത്തെ നിങ്ങൾ നിശ്ശങ്കം ഉടനെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുമെന്നും നിൎമ്മത്സരന്മാരായ മഹാന്മാർ അത്യാദരേണ അഭിനന്ദിക്കുമെന്നും ഞാൻ വിശ്വസിക്കയും നിങ്ങൾക്കു യഥോത്തരം അഭ്യുദയത്തിനു പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

പട്ടാമ്പി.
86 മേടം 29. } പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മാ (ഒപ്പ്)

---

(൪)

ചൊല്ലാന്നോൎഭവാൻെറ "വത്സചരിതം"
വായിച്ചു ഞാനിങ്ങതിൽ
ചൊല്ലാന്തനമൊരല്പമെങ്കിലുമഹം
കണ്ടില്ലയെന്നല്ലഹോ

അല്ലേനല്ലോരുവാസനാബലമതും
സാരള്യവും തിങ്ങിടു-
ന്നില്ലെന്നില്ലതുകൊണ്ടുകുഞ്ഞതകൃതി
ക്കൈങ്ങൊട്ടുമുണ്ടാകൊലാ.

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

---

(൩)

പ്രാസംഭംഗിപഴക്കമെന്നുമുതലായ്
വേണ്ടുംഗുണൌഘങ്ങളാൽ
ഭാസിക്കുന്നൊരുവത്സപൂർവ്വചരിതം
വായിച്ചവാഴ്ക്കുംമുദാ
ദോഷംചൊൽവതിനൊന്നുമില്ലപുനരെ
ന്നല്ലോർത്തുനോക്കീടുകിൽ
തോഷംചേക്കുമെവക്കുമിക്കൃതിപരം
സാരോപദേശപ്രദം.

നടുവത്തച്ഛൻനമ്പൂരി.

---

(൪)

പേർകൊണ്ടല്ലപരംനൽ
പേർകൊണ്ടൊരുസാഹിതീഗുണംകൊണ്ടും
'ചേതോരമ'യുടെജനകനെ-
യേതൽക്കവിയുള്ളിലാനയിക്കുന്നു.

കേ. സി. കേശവ പിള്ള.

---

(൫)

ക്രിസ്ത്യാനികളോടു കവിതാംഗനക്കു വിരോധമൊന്നുമില്ലെന്നും ഇതുവരെ അവരെ ആ സ്ത്രീരത്നം അധികം സ്മരിച്ചില്ലെങ്കിൽ അതിനു കാരണം അവരുടെ അലസതത

ന്നെയാണെന്നും ആദ്യം കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകളും പിന്നീട് മിസ്റ്റർ വി. കെ. കുരുവിളയും ഒടുവിൽ നിങ്ങളും തെളിയിച്ചിരിക്കുന്നു എന്നു പറയുവാൻ ഞാൻ അശേഷം അധൈര്യപ്പെടുന്നില്ല. അഭിനന്ദനീയമായ കവിതാവാസന നിങ്ങൾക്കുണ്ടെന്നും നിങ്ങൾ ഈ വിഷയത്തിൽ മേലും പരിശ്രമിച്ചാൽ അതു ഭാഷയ്ക്കു ഗുണപ്രദമായിത്തന്നെ തീരുമെന്നും ഉള്ളതിന് എനിക്കു സംശയമില്ല.

ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ;
എം. ആർ. ഏ. എസ്.

(വ)

ഹാസത്തിന്നുനിദാനമെന്നുകരുതി
പ്രാസത്തെവിട്ടുള്ളിലാ-
ശ്വാസത്തോടിഹതീർത്തപദ്യമഖിലം
നന്നല്ലയെന്നുംപരം
പ്രാസത്തിൻപുതുമോടിനല്ലകവിയാ
ണെന്നാകിൽനന്നെന്നുമു-
ള്ളാസത്യസ്ഥിതിചാരു"വത്സചരിതം"
കാണുന്നവൻകാണുമേ.

കുണ്ടൂർ നാരായണമേനോൻ ബി. ഏ.

(ൻ)

പ്രാസമനർഗ്ഗളമത്ഥവി-
ലാസവുമതുമല്ലനല്ലരസവായ്പും
ഹേ സൽക്കവിവര!താവക
വാസനവെളിവായി"വത്സചരിത"ത്താൽ.

ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ ബി. ഏ.

---

(൧൦)

സഹായിക്കതക്കപെടിഞാനവധാനപൂർവ്വം
വായിച്ചു "വത്സചരിതോ"ത്തമഖണ്ഡകാവ്യം
ഭൂയിഷ്ഠമിത്രഗുണമാദിമയാംകൃതിയ്ക്കു-
ണ്ടായിച്ചമഞ്ഞതതിവാസനകൊണ്ടുതന്നെ.

വള്ളത്തോൾ നാരായണമേനോൻ.

---

(൧൧)

"നിങ്ങൾ ഉണ്ടാക്കിയ "വത്സചരിത"ത്തിന്റെ കയ്യെഴുത്തുപ്രതി ഇന്നു കിട്ടി. മുഴുവൻ രണ്ടു പ്രാവശ്യം ഇന്നുതന്നെ വായിച്ചു. പുസ്തകം എന്നെ രസിപ്പിച്ചതിനു കണക്കില്ല. കവിതയ്ക്കായി ഒന്നാമത് ആരംഭിക്കുന്നവർ ചെയ്യേണ്ടത് ഇങ്ങനെതന്നെയാണ്. ഇങ്ങനെതന്നെയാണ് ഇംഗ്ലീഷിൽ ഉള്ള കഥകളെ നല്ല മലയാളത്തിൽ ശ്ലോകരൂപേണ പരിഭാഷചെയ്യേണ്ടതും. നിങ്ങൾക്കു കവിതാദേവി വശ്യയാണെന്നതിനു സംശയമില്ല.

....

....

കേരളത്തിലെ നല്ല കവികളുടെ കൂട്ടത്തിൽ നിങ്ങളെ കൂടി ചേൎക്കേണ്ടതിനു നിങ്ങളുടെ ഈ ആദ്യസന്താനംതന്നെ മതിയായ ശിപാൎശായിരിക്കുന്നു."

മൂൎക്കോത്തു കുമാരൻ.

വഞ്ചീശമംഗളം.

മാററിൽക്കൂടിയതങ്കമോട്ടകിടയായ്
ശ്രീവഞ്ചിദീപങ്ങളാ-
മാററിങ്ങൽത്തിരുമേനിമാരിലുളവാം
കുഞ്ഞുങ്ങളെക്കാത്തുതാൻ
മാററിത്തൻപ്രജകൾക്കെഴുന്നകദനം
ശ്രീമൂലരാജേശ്വരൻ
മാററിത്തംകലരാതെഭൂമിയിനിയും
നീണാൾഭരിച്ചീടണം!.

(പത്മബന്ധം)

കല്യശ്രീമൂലകക്ഷോണീ-
പാലകന്നിന്നുനൽകുക
കർത്താവേ!ഭവികവ്യൂഹം
സല്ലോകസ്സ്വർഗ്ഗദായക!.

തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള.

ദാ ശ്രീ മൂ

ർഗ്ഗ യ ല്യ ല ണീ

സ്സ്വ ക്ഷോ

സ ല്ലോ ക ല പാ

വ്യൂ ന്നി

ഹം വി ർത്താ കു ന്നു

ഭ വേ! നൽ

ശ്രീ

വത്സചരിതം

മണിപ്രവാളം.

പ്രീണിയ്ക്കുമാറു സുജനങ്ങളനല്പമായ്മ-
ദ്വാണിയ്ക്കുമാധുരിതുടങ്ങിയനന്മയെല്ലാം
കാണിയ്ക്കുദിപ്പതിനുനീതുണചെയ്ക്കഭക്ത-
ശ്രേണിയ്ക്കുഭവ്യമരുളുംഭുവനൈകനാഥേ!

സ്വക്ഷേമംഭുവിതൻപ്രജാസമുദയ
ശ്രേയസ്സിനായിസ്സ്വയം
നിക്ഷേപിച്ചുസമഗ്രഭൂതികൾഭജി-
പ്പിച്ചിട്ടുതൻപൌരരേ
ആക്ഷേപംകലരാതെഭൂമിഭരണം
ചെയ്യോരുരാജേന്ദ്രരിൽ
'ദക്ഷേശാ'ഭിധ'മേഷരാജ്യ'പതിയാ-
ണഗ്രാസനാധീശ്വരൻ. 1

ഇബ്ഭൂദ്വരനെന്നുതൊട്ടുഭരണം
കൈയേററിതന്നാൾമുതൽ-
ക്കബ്ഭൂമീതലമൊന്നിനൊന്നിനുപരി
ഷ്ക്കാരത്തിരത്തള്ളലാൽ
നൽഭൂതിയ്ക്കൊരുനാടകക്കളരിയായ്
ചൊല്ലാർന്നനല്ലാർമണി-
ക്കബ്ഭൂഷാസദൃശംജഗത്തിനുവിശേ
ഷശ്രീവളർത്തീടിനാൻ. 2

വേഷംമാറിരഹസ്യമായ്ചിലദിനം
ദക്ഷേശരാജേശനാ-
ഘോഷംമുററമൊഴിച്ചുതൻസചിവനോ-
ടൊന്നിച്ചുതൽപ്പത്തനേ
ജോഷംഹന്ത!നടന്നുതന്നുടെജന
വ്രാതത്തിനുള്ളോരുനൽ-
ത്തോഷംകണ്ടുരസിച്ചുപോന്നുസുജനം
കൂപ്പുന്നൊരിപ്പാവനൻ. 3

ഉദ്ദേശംമണിയഞ്ചടിച്ചസമയ-
ത്തന്നേകദാലാത്തുവാ-
നുദ്ദേശിച്ചുതിരിച്ചുതൻസചിവൻ
'നിഷ്ണാത'നൊന്നിച്ചുതാൻ
അദ്ദേശത്തിലെഴുംമഹാവിപണിയിൽ-
ച്ചെന്നെത്തിയപ്പോൾമഹാ--
നദ്ദേഹത്തൊടുഭിക്ഷയന്ധനൊരുവൻ
ചോദിച്ചുമാൎഗ്ഗസ്ഥിതൻ. 4

കഷ്ടപ്പെട്ടനിജപ്രജാവലിവസി
ക്കായ്വാനജസ്രംതുലോ-
മിഷ്ടപ്പെട്ടവിശിഷ്ടരാജനൊരുനൽ
സൌവൎണ്ണനാണ്യംക്ഷണം
പുഷ്ടപ്രേമമൊടേകിയപ്പൊഴതിനേ
വാങ്ങാതെചൊന്നാനിദം
ശിഷ്ടൻപാൎത്ഥിവനോടുവിസ്മയമുദി-
ച്ചീടുംവിധംദുൎവ്വിധൻ. 5

"വാങ്ങാനൊക്കുകയില്ലെനിക്കിതുവൃഥാ
കാരുണ്യവാരാന്നിധേ!
മങ്ങാതേകണമെൻചെകിട്ടിലടിയൊ-
ന്നീനാണയംപിന്നെയാം
അങ്ങാമട്ടിവനേകിടായ്കിലിതുമേ
വേണ്ടാ, ഭവാനിപ്പൊഴീ-
യങ്ങാടിയ്ക്കുവരുംജനങ്ങളെനിന
ച്ചേതുംമടിക്കേണ്ടിതിൽ!" 6

സന്താപത്തൊടുനിസ്സ്വനിവിധമഹോ
ചൊന്നുള്ളവാക്യംശ്രവി-
ച്ചെന്താണിക്കഥ? നല്ലശിക്ഷ! യിതിവൻ
വാങ്ങില്ലയോദൈവമേ!
എന്തായാലുമിതിൽക്കുറച്ചറിയുവാ-
നുണ്ടെന്നുചിന്തിച്ചുതാൻ
ഹന്താശ്ചര്യമൊട്ടുംനൃപേന്ദ്രനടിയോ-
ടാനാണ്യമേകീടിനാൻ. 7

പാരംനന്ദിനിറഞ്ഞുനാണ്യമുടനേ
വാങ്ങീതദാഭിക്ഷു, വ-
ന്നേരംചൊന്നുനൃപൻസ്വകീയസദനേ
പിറ്റേന്നവൻചെല്ലുവാൻ
സാരംചേർന്നനിജാപ്തനാംസചിവനേ
വേർവിട്ടുപിന്നെജ്ജവാൽ
സൈ്വരംചെന്നു, നടന്നുതന്റെഭവനേ
താനേകനായ്പ്പാർത്ഥിവൻ. 8

ഭൃജാനിക്ഷ്ക്കെഴമപ്പുരംകുരുടനും
പിറെറാന്നുചെന്നെങ്കിലും
'രേ!ജാത്മ!ക്ഷണമോടിടായ്ക്കിലുടനേ
ബന്ധിച്ചിട്ടുംനിന്നെഞാൻ'
വ്യാജാപേതമുരച്ചുസേവകനിദം
കോപിച്ചുപക്ഷേമഹാ-
രാജാവിക്കഥകേട്ടുനിസ്സ്വനെവരു-
ത്തീതൻസമക്ഷത്തുടൻ. 9

ജ്ഞാനംകൂടിയഭൃപതിപ്രവരനെ
കൈക്കൂപ്പിവന്ദിച്ചിത-
ദ്ദീനൻക്ഷിപ്രമുരച്ചുതൻെറയഭിധാ
നത്തെക്ഷിതീന്ദ്രാജ്ഞയാൽ
ഹേനല്ലോരുമനുഷ്യ!നിൻെറചരിതം
നീയൊന്നുരച്ചീടിൽഞാ-
നാനന്ദിച്ചതുകേട്ടിടാംമുഴവനെ
ന്നോതീടിനാൻഭൃമിപൻ. 10

"എന്തങ്ങുന്നരുളുന്നതായതടിയൻ
ചെയ്യാംമുദാമേദിനീ-
കാന്തശ്രേഷ്ഠ!കനിഞ്ഞിവൻെറചരിതം
ശ്രദ്ധിച്ചുകേട്ടീടണം;
സ്വന്തംനാടിതുതന്നെയാണുമതിമാൻ
താതൻചെറുപ്പത്തിലേ
ഹന്തക്ഷോണിവെടിഞ്ഞുമാമകമഹാ
ദൗർഭാഗ്യഭാരത്തിനാൽ! 11

ജേതാവേ!ജനകന്നുഞാനൊരുസുതൻ
        വാത്സല്യവാനാകയാൽ
ജാതാനന്ദമെനിക്കുനന്മവളരാൻ
        നന്നെച്ചെറുപ്പത്തിലേ
ഓതാൻദുശ്ശകമായമട്ടുപഠനം
        ചെയ്യിച്ചൂരൂപായെനി-
ക്കേതാണ്ടെൺപതിനായിരംജനയിതാ
        വാർജ്ജിച്ചുവച്ചാൻവിഭോ! 12

അച്ഛൻമേദിനിവിട്ടൊരെട്ടുസമകൾ-
        ക്കുള്ളിൽഗ്ഗുണദ്വേഷിഞാൻ
സ്വച്ഛന്ദംചിലദുഷ്ടരൊത്തുദിവസം
        പോക്കാൻതുടങ്ങീടിനേൻ!
അച്ഛന്നപ്രമദാൽക്ഷണേനപണവും
        സർവ്വംമുടിച്ചൂവൃഥാ
സ്വച്ഛസ്വാന്ത!വിശിഷ്ടരൊക്കെയിവനെ
        കൈവിട്ടുകഷ്ടംതദാ! 13

കയ്യിൽക്കാശിവനൊന്നുമില്ലകടവും
        കിട്ടില്ലഹോകഷ്ടമേ!
മെയ്യിൽക്കീറിയവസ്ത്രമായശനവും
        മിക്കപ്പൊഴുംനാസ്തിയായ്
തയ്യിൽക്കയ്യുള്ളതാതമിത്രമിവയെ-
        ക്കേട്ടാർത്തനായ്വാണിഭം
ചെയ്യിക്കാമിതിചിന്തയോടൊരുദിനം
        ചൊന്നാൻവിളിപ്പിച്ചുമാം. 14

‘എന്തിന്നിങ്ങനെവത്സ! ഹന്തസതതം
ദുഃഖിച്ചുമേവുന്നുനീ?
ചിന്തിച്ചീടുകയൊന്നുരൂപയിരുനൂ-
റോളംതരാംഞാൻ,മനം
വെന്തിത്ഥംകരയേണ്ട,വിത്തമിതിനാൽ
ചെയ്യീടണംവാണിഭം
പന്തിക്കായതുമൂലമുന്നതിലഭി-
ച്ചേക്കാംനിനക്കിന്നിയും. 15

മുന്നത്തെക്കളിപോലെവിത്തമിതുനീ
വ്യർത്ഥംനശിപ്പിച്ചിടാ-
തന്നന്നെന്നരികത്തുവന്നിഹകണ-
ക്കൊക്കെശ്ശരിക്കോതണം’
എന്നക്കയ്യുടെവാക്കിനാലതിസുഖം
വർദ്ധിച്ചുചേതസ്സിലെൻ
സന്നതാപത്തെവെടിഞ്ഞുനന്ദിയൊടുമാ-
ദ്രവ്യംക്ഷണംവാങ്ങിനേൻ. 16

അന്നാൾതൊട്ടുതുടങ്ങിവാണിഭമിവൻ
ചന്തയ്ക്കുപോയേററവും
നന്നായുന്നിതുനാൾക്കുനാളധികമായ്
വർദ്ധിച്ചുവിത്തവ്രജം
എന്നാലുംമുറപോൽകണക്കുഗുണവാൻ
കയ്യാൾക്കുകേൾപ്പിക്കുവാൻ
മന്നാളുംനൃപസിംഹമേ! മടിയിവൻ
കാട്ടീലതെല്ലെങ്കിലും. 17

ഏവംവത്സരമൊൻപതായി,പവനം
തൊണ്ണൂറസമ്പാദ്യമായ്
ദൈവത്തിൻകൃപകൊണ്ടുവത്സനൊരുവൻ
വ്യാപാരിവിഖ്യാതിമാൻ
ഈവണ്ണംശ്രുതിയുംലഭിച്ചുപലരും
മാനിച്ചുമാംവേണ്ടപോൽ
ഭുവത്യന്തപടുത്വമോടുപരിപാ-
ലിച്ചീടുമുർവ്വീപതേ! 18

അക്കാലത്തൊരുനാൾപ്രഭാതസമയ-
ത്തശ്വത്തിലേറീട്ടുഞാൻ
തെക്കായിട്ടൊരുദിക്കിലേക്കുതനിയേ
സ്വൈരംതിരിച്ചീടിനേൻ
ദിക്കാകെപ്പൊരിയുംവിധംകതിരവൻ
തീവ്രാംശുവൃന്ദംതുലോ-
മുക്കാളുംപടിതൂകിയന്നുമണിപ-
ത്തായോരുനേരംമുതൽ. 19

മൂത്തീടുംവെയിലത്തുഞാൻബഹുവിധം
ക്ഷീണിച്ചുബാഢംതള-
ർന്നെത്തീതപ്തശിലാഢ്യമാമൊരുമഹാ
ശൈലേന്ദ്രസാനുസ്ഥലേ
കത്തീകുക്ഷിവിശപ്പിനാൽരസനയും
താണൂപിപാസാഭരാ-
ലൊത്തീലാതന്നലുംപ്രഭോ!സലിലവും
കണ്ടീടുവാനെങ്കിലും. 20

ക്ഷീണത്താലിവനേററവുംവിവശനായ്
തീൎന്നിടിലുംഹന്ത! ന-
ല്ലോണംബാണജവാമദീയതുരഗം
പായിച്ചതെക്കോട്ടുതാൻ
പ്രാണത്രാണസമീഹയാൽക്ഷതിരയും
പാഞ്ഞന്നുസന്ധ്യയ്ക്കുഞാ-
നേണശ്രേണിചരിച്ചിട്ടുന്നൊരുഗുഹാ
ദ്വാരത്തിലെത്തീടിനേൻ. 21

വാനത്തോടുകയൎത്തുയൎന്നുവളരും
വൻസാലജാലങ്ങളാൽ
വേനല്ക്കുംപുതുശീതളത്വയുതമാ-
മദ്രിക്കിലെത്തീടുവാൻ
ഏനംവന്നതിനാലെനിക്കുഹൃദയേ
വൎദ്ധിച്ചനിസ്സീമമാ-
മാനന്ദംപറയാവതല്ലതിനുഞാൻ
ദൈവത്തിനെക്കുപ്പിനേൻ. 22

ചേൎക്കുംകൌതുകമഗ്ഗുഹാതലമഹോ
ധാരാളമായഞ്ജസാ
പാൎക്കുംനേരമയേവിശിഷ്ടനൃപതേ!
സന്ദേഹമില്ലല്പവും
തീൎക്കുംക്ലാന്തതപച്ചവൃക്ഷനിരയിൽ
തട്ടീട്ടടിയ്ക്കുംമരു-
ത്താൎക്കും,കോകിലപാളിതൻലളിതമാം
ഗാനംമനോമോഹനം! 23

രംഭക്കൂട്ടമസംഖ്യമസ്ഥലിയിലേ
 മാഹാത്മ്യമോതീടുവാൻ
സ്തംഭംപോൽസ്പൃഹണീയപക്വനിരയാൽ
 ശോഭിച്ചുനില്ക്കുന്നതേ
ഡിംഭക്കുംപ്രമദാൽപ്പറിപ്പതിനുത-
 ക്കേണം,ത്തുലോമച്ഛമാ-
മംഭഃപൂൎണ്ണതടാകമുണ്ടുനികടേ
 ഫുല്ലാരവിന്ദാന്വിതം!. 24

പുഷ്പശ്രേണിനിറഞ്ഞുമുല്ലമുതലാ-
 യീടുംലതാസഞ്ചയം
നിഷ്പന്ദംപവമാനനാൎന്നുതഴുകും
 നേരത്തിലാനന്ദജം
ബാഷ്പംപോലെമനോജ്ഞമായ്ഭുവിപതി-
 പ്പിക്കുന്നതേൻതുള്ളിയ-
ശ്ലഷ്ടത്തിൽദ്ധൃതിയാൎന്നമൃതത്തിനുസദൃ-
 ക്കായ്നിന്നുമിന്നുന്നതേ! 25

സൂക്ഷിക്കുമ്പൊഴുതിമ്പമുള്ളിൽവളരും
 വണ്ണംതരുശ്രേണിയിൽ
പക്ഷിക്കൂട്ടമനേകജാതിയവിടെ-
 ത്തത്തിക്കളിക്കുന്നതേ!
അക്ഷിദ്വന്ദ്വമെവൎക്കുമത്രസഫലം
 താൻനിൎണ്ണയംക്ഷോണിസം-
രക്ഷിക്കുംനൃപ! ചാരുഭൂമിയിതുപോൽ
 കാണില്ലമറ്റെങ്ങുമേ. 26

മോചാപംക്തിരസാലസാലമിവതൻ
പക്വങ്ങളെസ്സന്തതം
ഹാ! ചാപല്യമെഴാതെകൊത്തിയശനം
ചെയ്തിട്ടുസന്തുഷ്ടമായ്
ധീചാതുര്യ്യമെഴുംവിഹംഗനിവഹം
ഗാനംതുടങ്ങുന്നത-
ശ്രീചാലെത്തിരളുംഗുഹാമഹിമയേ
വാഴ്ത്തുന്നതാവാംവിഭോ! 27

ഏവംതൽസ്ഥലഭംഗിയാകെവിവരി-
ച്ചോതാൻനിനച്ചീടിലി-
ന്നീവക്കന്നുപടുത്വമില്ലചെറുതും
ബോധിക്കധാത്രീപതേ!
ഹാ! വർദ്ധിച്ചവിശപ്പിനാൽവിവശനായ്
തീർന്നോരുഞാൻക്ഷുത്തിനെ-
പ്പൂവൻവാഴയിലെപ്പഴുത്തുവിലസും
പക്വത്തിനാൽപോക്കിനേൻ. 28

ദാഹംതീർപ്പതിനായനന്തരമിവൻ
പത്മാകരത്തിൻതടേ
മോഹത്തോടുനടന്നുചെന്നുജലവും
സേവിച്ചവേണ്ടോളവും
ദേഹത്തിന്റെതളർച്ചതീർത്തുമൃദുവായ്
വീശുംസമീരൻസുഖ-
വ്യൂഹംതന്നിതുപാടിടുന്നകുയിലിൻ
കൂട്ടങ്ങളുംതത്രമേ! 29

പേരാളുംനൃപ! വീതിയേറുമൊരുനൽ
പ്പാറപ്പുറത്തേഷഞാൻ
ധാരാളംസുഖമായ്ക്കിടന്നുനിരുപി-
ച്ചോരോന്നുഹൃൽക്കണ്ടരേ
ആരാലെൻതുരഗംകരുത്തെഴുമിളം
ശഷ്പങ്ങളുംതിന്നുകൊ-
ണ്ടാരാമത്തിനുചുറ്റുമാന്നുസുതരാം
സ്വൈരംവിഹാരംതദാ. 30

സൂരൻപശ്ചിമപർവ്വതത്തിലണയാ-
റായീപരംരമ്യമാം
സൌരഭ്യംതിരളുംപ്രസൂനനികരം
സംഫുല്ലമായെങ്ങുമേ
കീരംകോകിലമാദിയായ്പ്പലതരം
സൽപ്പക്ഷിവൃന്ദങ്ങളും
സ്വൈരംപാഞ്ഞിണയൊത്തണഞ്ഞിതുകുലാ-
യൌഘങ്ങളിൽശ്ശീഘ്രമായ്! 31

ഘോരധ്വാന്തമനല്പമബ്ഭൂവിതദാ
വർദ്ധിച്ചുസത്വാരവം
ദൂരത്തിൽത്തരസാമുഴങ്ങിയിവനും
ത്രാസത്തിനാൽഗ്രസ്തനായ്!
നേരംകേളൊരുപത്തുനാഴികവിറ-
ച്ചപ്പാറമേൽത്തന്നെഞാൻ
ധീരശ്രേഷ്ഠ! കിടന്നുഹന്തവലുതാം
ദുഃഖത്തിനാലന്ധനായ്! 32

പാരംദുസ്സഹമാംമയൂഖനിരയാൽ
ലോകംതപിപ്പിച്ചൊര-
സ്സൂരൻപോയിമറഞ്ഞതോർത്തു സഹസാ
ശീതാംശുജാലത്തൊടും
താരശ്രേണികളായശംഭളികളാൽ
സംസേവ്യനായ്സോമനാം
വീരൻമോദഭരേണവന്നുവിലസീ
ഭംഗ്യാനഭോമണ്ഡലേ! 33

ഭീമത്വംതിരളുംതമിസ്രമഖിലം
ലോകപ്രമോദപ്രദൻ
സോമൻതൻരുചിരപ്രഭാപടലിയാൽ
ദൂരത്തുനീക്കീടിനാൻ;
പ്രേമത്താൽപ്പഥികക്കെഴുന്നകദനം
പോക്കുന്നസന്മിത്രമാം
ശ്രീമൽത്വിട്ടുകലർന്നചന്ദ്രനെയെവൻ
സ്നേഹിച്ചിടാഭൂമിയിൽ? 34

ആരാവിൽബ്ബൃഹദ്ഭീതിദയവനുമണ-
ച്ചീടുന്നൊരബ്ഭീഷ്മമാ-
മാരാവംബത!കേട്ടതില്ലലവവും
പിന്നീടുഞാൻഭൂപതേ!
താരാനാഥമരീചികാപടലിയാൽ
പാരംപ്രശോഭിപ്പതാ-
മാരാമത്തിലൊരാൾനടപ്പതുതദാ
കണ്ടത്ഭുതംതേടിനേൻ! 35

വെള്ളിക്കമ്പികൾപോൽനരച്ചജടയും
നീണ്ടുള്ളവൻതാടിയും
പുള്ളിക്കൂട്ടമിയന്നമഞ്ജുവസന
ത്താലാവൃതംഗാത്രവും
ഭള്ളില്ലാത്തൊരുനോട്ടവുംകലരുമ-
ദ്ദേഹംസമീപിച്ചവാ-
റുള്ളിൽക്കൂടിയഭക്തിപൂണ്ടിവനുടൻ
വന്ദിച്ചുനിന്നീടിനേൻ. 36

"നീയാരാണിഹവന്നതെന്തിനു?പറ
ഞ്ഞീടേണ"മെന്നപ്പൊഴ-
പ്രായാധിക്യമെഴുംമഹാമുനിവരൻ
സസ്നേഹമോതീടിനാൻ
ശ്രീയാളുംഗ്ഗുഹയിങ്കൽവന്നതുവരെ
യ്ക്കുള്ളോരുദന്തത്തെഞാ-
നായാളോടുരചെയ്തുഭക്തിയൊടവൻ
സന്തുഷ്ടനായാൻതദാ. 37

"നേരംതീരെയിരുട്ടിവത്സ!വരുവിൻ
നിദ്രയ്ക്കി"വണ്ണംകൃപാ-
ഭാരത്തോടുമുനിപ്രധാനനുരചെ
യ്തെന്നെക്ഷണംകൊണ്ടുപോയ്
പാരംസൌഖ്യദമായനല്ലൊരുലതാ
വേശ്മത്തിലാക്കീട്ടുതാൻ
സ്വൈരംപോയ്പുറമേ,ക്ഷണേനസുദൃഢ
സ്വാപത്തിലായേനഹം. 38

ഢീയസ്സ്ലാകമെഴുംധരേശ!പുലരാൻ
കാലത്തെഴുന്നേററഞ്ഞാൻ
ഞായംപോലിവനുള്ളതായജപവും
മററവംകഴിച്ചങ്ങനേ
മായംവിട്ടൊരുബാലസൂര്യരുചിര
തല്പംകണ്ടുകൊണ്ടാട്ടവാ–
നായത്യന്തകുതൂഹലാൽഗ്ഗൃഹയിലെ
ത്തോട്ടത്തിലേക്കോടിനേൻ. 39

ബാലാദിത്യമയൂഖസംഹതികളാ–
ലത്തോട്ടമാകെത്തുലോം
ചേലായിട്ടുവിളങ്ങിഹേമനദിയിൽ
സ്നാനംകഴിച്ചെന്നപോൽ
മാലാളുംനരനുംമറന്നൊരുമിനി–
ട്ടദ്രിക്കിൽവാണാൽധരാ–
പാലാധിശ!മഹാപ്രമോദജലധൌ
നീന്തുംനിതാന്തംദൃഢം! 40

ചൊല്ലാളുംപലമട്ടിൽനിന്നുവിലസും
പുഷ്പങ്ങളിൽഷൾപ്പദം
നില്ലാതുള്ളരസേനപാഞ്ഞതിലെഴും
മാധ്വീരസംസതതരം
എല്ലാംഹാ!കവരുന്നു,മന്ദപവനൻ
മൂലംലതാജാലമ–
ത്യുല്ലാസേനചലദ്ദളാംഗുലികളാ
ലൊന്നക്ഷണിച്ചൂതദാ!. 41

കാ—കീ—കാറിയലഞ്ഞുകാകനികരം
ക്ഷുത്താൽവിയന്മണ്ഡലേ
ക്കുകീകുക്കടമെങ്ങുമേപരിചൊടാ
രംഭിച്ചുഗാനംകുയിൽ
ഹാ!കീരങ്ങൾചിലച്ചുനൽക്കളരവ
സ്തോമങ്ങൾമൂളീമുദാ
കേകീന്ദ്രാവലിചന്തമോട്ടനടനം
ചെയ്യാൻതുടങ്ങീരസാൽ!. 42

കാമ്യശ്രീവിലസുന്നൊരഗ്ഗുഹയിലെ
ത്തോട്ടത്തിലാളുംപ്രഭാ-
രമ്യത്വംവിവരിക്കുവാൻവിഷമമാ
ണെന്നോർത്തുനിന്നുഞാൻ
സാമ്യംഭൂമിയിലോതുവാനിതുകണ
ക്കാരാമമുണ്ടായിടാ
സൌമ്യൻനമ്മുടെദിവ്യനാംമുനിയുമ
പ്പോളത്രവന്നെത്തിനാൻ. 43

ആഹാരത്തിന്നെനിക്കുടൻപ്രിയതന
ദ്ദേഹംതുലോംശീതളം
നീഹാരാംബുവണിഞ്ഞുമാധുരിയെഴും
നാനാഫലശ്രേണിയേ
സൌഹാർദ്ദാതിശയാൽപ്പറിച്ചുകദളീ
പത്രത്തിലേകീടിനാ-
നീഹാപൂർവ്വമതാകെഞാൻനൃപമണേ!
ഭക്ഷിച്ചുസംതൃപ്തനായ്!. 44

ചൊന്നാനെന്നോടുവൃദ്ധനാംമുനിപലേ
വൃത്തങ്ങളുംപിന്നെവൻ
കുന്നായിട്ടുന്നുവർണ്ണവുംവിവധമാം
വജ്രാദിരത്നൌഘവും
നന്നായ്ക്കൂട്ടിയഗോപ്യമായൊരിടമി
ങ്ങുണ്ടെന്നുമോതീടിനാൻ
വന്നാലുംകുതുകാൽമുനീന്ദ്രനൊടുഞാ
നർത്ഥിച്ചിതേവംതദാ. 45

“ചിട്ടേറീടിനതത്സ്ഥലംവരമുനേ!
കണ്ടീടുവാനുണ്ടെനി–
ക്കൊട്ടേറെക്കൗതുകംക്ഷണത്തിലതിനാ
ലെന്നെബ്ഭവാൻകൊണ്ടുപോയ്
കാട്ടേണംകനിവോടുമൊന്നി”തുമുദാ
കേട്ടിട്ടുചൊല്ലീടിനാ–
നാട്ടേവന്നിട്ടുകെന്നൊടൊത്തഥപുറ
പ്പെട്ടുവിഭോ!ഞങ്ങളും. 46

കേറാത്തിന്നതിഭീതിയാക്കുമകതാ
രിങ്കൽജ്ജനിപ്പിക്കുമാ–
റേററംപൊക്കമിയന്നൊരദ്രിവരനെ
ന്നക്ഷിയ്ക്കുടൻലക്ഷ്യമായ്!
തെററന്നേറിയതുഷ്ടിപൂണ്ടുതുരഗ
ത്തോടൊത്തുഞാനായതിൻ
മുററത്തെത്തിമുനീന്ദ്രനോതിചിലസ
ന്മന്ത്രംതദാനീംവിഭോ!. 47

അമ്പമ്പോ!വലുതായൊരഗ്ഗിരിയുടൻ
പിന്നോട്ടുനീങ്ങിത്തുലോം
കമ്പംതോന്നിട്ടുമാറമേയമകമേ
പെട്ടെന്നുരാജേശ്വര!
വമ്പത്തംകലരുന്നഹർമ്മ്യമവിടെ
കണ്ടീടിനേനൊന്നതിൽ
സമ്പത്തങ്ങനെകുന്നുപോലമിതമായ്
കൂടിക്കിടക്കുന്നതേ!. 48

വർണ്ണംകൂടിയപുഷ്യരാഗവുമഹോ
വജ്രാദിരത്നങ്ങളും
സ്വർണ്ണത്താൽകൃതമാംപലേവിധപദ
ർത്ഥൌഘങ്ങളുംവിസ്മയം!
പൂർണ്ണശ്രീവിലസുന്നൊരാരുചിരമാം
ഹർമ്മ്യത്തിലെദ്ദീപ്തിയെ-
ത്തൂർണ്ണംവർണ്ണനചെയ്വതിന്നുവിഷമം
താനോർക്കുകിൽശ്ശേഷനും!. 49

പ്രാജ്യശ്രീകളിയാട്ടുമായരമന
യ്ക്കുള്ളിൽദ്രുതംപാഞ്ഞുസൽ-
പ്പൂജ്യൻമാമുനിയൊത്തുകേറിനിഖിലം
സൂക്ഷിച്ചുവീക്ഷിച്ചുഞാൻ
രാജ്യത്തിൻപ്രഭുവേ!മനോജ്ഞതരമാം
സമ്പത്തുകണ്ടാൽ പരി-
ത്യാജ്യംതാനിതിപ്പുത്തുറപ്പുവരുമോ
പാർക്കുമ്പൊളാർക്കെങ്കിലും? 50

വിത്തത്തിൽക്കൊതിവാച്ചുകൊണ്ടയിമുനേ!
    കാരുണ്യസങ്കേതമേ!
ചിത്തത്തിൽക്കനിവാർന്നിടേണമിവനി
    സ്സമ്പത്തിലല്പംതരാൻ
ഇത്തവ്വിൽത്തവപാദതാരിണവണ
    ങ്ങുന്നേനതിന്നേവമ-
ന്നത്തത്വത്തൊട്ടുരച്ചുഹന്ത!മുനിയോ
    ടക്കാലമിലോലുഭൻ. 51

കാരുണ്യംനരരൂപമാർന്നവതരി
    ച്ചോരാമുനീന്ദ്രൻതുലോ-
മാരുംവിസ്മിതചിത്തരാംപടിപറ
    ഞ്ഞാനെന്നൊടേവംതദാ
“ഭീരുത്വംകലരാതെവത്സ!കഴിയും
    വേഗേനനിന്നാഗ്രഹം
തീരുംമട്ടിതിൽനിന്നുവിത്തനിരനീ
    നന്നായെടുത്തീടുക! 52

എന്നാലുണ്ടൊരുകാര്യമായതുമഹം
    ചൊല്ലാമെടോമുമ്പിലേ
നന്നായിപ്പലകൊച്ചുകുപ്പികളെനീ
    കണ്ടീടുമിങ്ങെങ്കിലും
ഇന്നാക്കുപ്പികളൊന്നുമേതൊടരുതേ,
    തൊട്ടാലഹോനിർണ്ണയം
പിന്നാലേതവകണ്ണിന്നന്ധതഭവി-
    ച്ചീടുംധരിച്ചീടുക!”. 53

ദിവ്യൻമാമുനിചൊന്നിവണ്ണമിവനോ
ടെന്നാകിലുംഘോരദു-
ർവ്യത്തിൽപട്ടുശക്തിയാലനുസരി
ച്ചില്ലാനിദേശത്തെ ഞാൻ
നവ്യത്വംരുചിരത്വമിദൃശഗുണം
തിങ്ങുന്നൊരക്കല്പിതാൻ
ഹാ!വ്യർത്ഥംകരതാരിനാൽമുനിവരൻ
കാണാതെതൊട്ടീടിനേൻ!. 54

യോഗംതാനിതിചിന്തയോടതുലമാം
കൌതുഹലംപൂണ്ടുകൊ-
ണ്ടാഗസ്സാണെന്നൊരുജ്ഞാനനശ്ലഥതരമാം
രത്നങ്ങൾപിന്നെപ്പുരം
വേഗംവിസ്തൃതമായപെട്ടിയിൽനിറ
ച്ചശ്വത്തിലേററിട്ടവൻ
പ്രാഗത്ഭ്യേനവെളിക്കിറങ്ങിമുനിയോ
ടൊന്നിച്ചപൃത്ഥ്വിപതേ!. 55

വിശ്വസ്തക്കൊരുകല്പവൃക്ഷനിഴലായ്
മേവുംധരിത്രീപതേ!
വിശ്വത്തിങ്കലെവിത്തമൊക്കെയൊരിട
ത്തായെന്നപോൽതോന്നിടും
ഐശ്വര്യംകലരുന്നസൌധമുടനേ
കാണാതെയായ്ഹന്ത! ഞാ-
നശ്വത്തിൽക്കയറിത്തിരിച്ചൃഷിമുനിയേ
ക്കണ്ടീലപിന്നിടമഹോ! 56

തോട്ടത്തിൽക്ഷണമെത്തുവാൻകുതിരയെ
പ്പായിച്ചുഞാനെങ്കിലും
വട്ടത്തിൽത്തുരഗംകറങ്ങിവെറുതേ
ഹാ! ഹാ! മഹാ വിസ്മയം!!
ഓട്ടത്തിന്നുമിടുക്കനാം മമഹയം
കാണിച്ചുമറ്റോർത്തുടൻ
തിട്ടം താനിതുമായയെന്നിവനുറ
ച്ചുൾത്താപസംതപ്തനായ്!. 57

"ദുഷ്ടൻനീപരിശുദ്ധമാമിവിടെനി
ന്നോടീടണംശീഘ്രമായ്
ദിഷ്ടംതീൎന്നുനിനക്കുകല്പനവിലം
ഘിച്ചന്നൊരക്കാരണാൽ
നഷ്ടംനിൻനയനദ്വയം സകലസ
ത്വത്തുംക്ഷണംപോകനീ"
കഷ്ടം ഞാനശരീരിവാക്കിതുവിധം
പെട്ടെന്നുകേട്ടീടിനേൻ!. 58

തിണ്ണംസൈന്ധവവീരനപ്പോളെവനും
വൻഭീതിവൎദ്ധിച്ചിട്ടും
വണ്ണംസംഭ്രമമോടുപാഞ്ഞുവനമാ
ൎഗ്ഗത്തൂടെബോധിച്ചപോൽ
വണ്ണംകൂടിയ പാദപങ്ങൾഭയദം
സത്വൗഘമേവംവഴി
യ്യെണ്ണംവിട്ടഥകണ്ടു, കേളൊടുവിൽഞാൻ
നേരായമാൎഗ്ഗത്തിലായ്!. 59

സത്താകുംവഴിയിങ്കലായതുനിന-
ച്ചത്യന്തമാശ്വാസമെൻ
ഹൃത്താരിന്നുളവായ്മുനീന്ദ്രവചനം
ഹാ വിശ്വസിച്ചീലഞ്ഞാൻ
എത്താം വീട്ടിലുടൻസുഖംമരുവിടാം
മേലെന്നുരച്ചൂവിഭോ!
വിത്താപൂരിതമായപെട്ടിയുമുടൻ
കാണാതെയായ്ചിത്രമേ!. 60

എന്തിന്നിക്കഥനീട്ടിടുന്നിതിനിയും
ചൊല്ലാം ചുരുക്കീട്ടുഞാ
നന്തിക്കെൻഭവനത്തിലെത്തി, പിറകേ
താനെൻഗൃഹംവഹ്നിയിൽ
വെന്തിട്ടങ്ങനെവീണുഭൂമിയിലഹോ
ഞാൻ സത്വരം ഹൃത്തടം
നൊന്തിട്ടെൻനൃപ! ദണ്ഡവൽബ്ഭൂവിപതി
ച്ചൂഹന്ത നിശ്ചേഷ്ടനായ്!. 61

മോഹാലസ്യമടങ്ങിയങ്ങിവനെഴു
ന്നേററപ്പൊളദ്ദിവ്യമാം
മാഹാത്മ്യംകലരുംമുനീന്ദ്രവചനം
സാക്ഷീഭവിച്ചൂവിഭോ!
ഹാ! ഹാ! സാംപ്രതമങ്ങുകാണ്മതുവിധം
ഞാൻഭിക്ഷുദുർവ്യസാ-
ന്ദോഹാലിങ്ങനെയഞ്ജസാ കുരുടനായ്
തീർന്നുമഹാകഷ്ടമേ!. 62

നാലായ്‌വത്സരമീവിധത്തിലമരു
ന്നൂഭിക്ഷുവായിങ്ങുദു-
ഷ്ക്കാലാൽ, ഭിക്ഷുസദാപിനല്ലോരടിയോ
ടല്ലാതെവാങ്ങില്ലഞാൻ;
മേലാലെങ്കിലുമാക്ക്മിങ്ങനെ വിപ-
ത്തുണ്ടായിടായ്വാനിളാ-
പാലാഗ്രേസര! നിഷ്ഠയീദൃശമനു
ഷ്ഠിക്കുന്നുതെററാതെതാൻ. 63

ആജ്ഞാലംഘികളാമെവക്ക്മുളവാ
മാപത്തുനിത്യംപരം
പ്രജ്ഞാശാലികളോതുമിമൊഴിനിന
ച്ചാലെത്രയോ വാസ്തവം!!!
അജ്ഞാനത്തികവാലിവന്നിതുവിധം
സംഭൂതമായെങ്കിലും
വിജ്ഞാനോത്തമനാം ധരേശ! കനിവാ
ന്നിടേണമിദ്ദാസനിൽ. 64

വത്സൻതൻകഥകൌതുകാലഖിലരും
കേട്ടത്ഭുതപ്പെട്ടുപോയ്
വാത്സല്യത്തൊടുരച്ചുതൻപരിജന
ത്തെനോക്കിയപ്പാത്ഥിവൻ;
"നത്സംതൃപ്തിയൊടെൻറയാജ്ഞമുറപോൽ
കേട്ടിങ്ങുമേലും സദാ
പൂത്സന്തോഷമിയന്നുവാഴ്ക ജനമേ!
നിങ്ങൾക്കതിങ്ങുംശുഭം!". 65

പരിശുദ്ധാശയർതൻഗിരംമറക്കും
പരിഷ്ക്കാളുമനർത്ഥമെന്നതുതാപം
പരിതോഷത്തൊടു ബാലരോർത്തിടാൻ ഞാൻ
പരിചോടിച്ചെറുകാവ്യമിന്നുതീർത്തേൻ.

ശുഭമസ്തു.

DC Library
00004185
T61 T34

T61
T34

Indic Digital Archive Foundation
gpura.org